# ഉയിർപ്പു പെരുന്നാൾ

## ഉയിർപ്പിന്റെ പ്രഖ്യാപനം
## സ്ലീബാ ആഘോഷം

പ്രാർത്ഥന

ദൈവമേ നിന്റെ കൃപപോലെ...
(അത്ത്ദ്ബകൈ്യാതൊ)

മോദം ഭൂസ്വർഗ്ഗങ്ങൾ-ക്കുത്ഥാനത്താൽ ചേർ-ത്തോനെ
മോ-ദം നൽകിസഭയെ സ്ലീബായാൽ കാത്ത്

ദേവേശാ! ദയചെയ്തീ-ടേണം

ലജ്ജിതരായ് കുരിശിച്ചോർ-നമ്പിയൊരാന്യർക്കാനന്ദം
ഉ-ത്ഥാനത്താൽ-സഭയും സൂതരും പാടുന്നു ദേവേ!

യൂദജനം ഖേദിപ്പൂ-ശിഷ്യകളാനന്ദി-ക്കു-ന്നു
ദൂ-തൊടു-ശിഷ്ർസന്ദർശിക്കുന്നന്യോന്യം ദേവേ...

ഉത്ഥാനത്താൽ മോദം-ഖേദം പൂകി-യശി-ഷ്യ-ർക്കും
ശ്ലോ-മോവിൺമൺ-ലോകർക്കും ദാനം ചെയ്ത ദേവേ!

പരിമളത്തിരുമെയ്യിൽ- പൂശാൻപോയൊരുനല്ലാർതൻ
ഉൾകാമ്പുകളെ-മോദംകൊണ്ട് നിറച്ചോനേ! ദേവേ...
ഉത്ഥിതനായ ഗുരുമുമ്പേപോയിഗലീലയ്ക്കെന്നൊതിൻ
പ്രേഷിതരോടെന്നംഗമനമാരൊടുകൽപ്പിച്ച- ദേവേ!

നാഥാ! നിൻശ്ലോമോയോൽ- ഞങ്ങൾക്കേകുക സന്തോഷം
ചേർക്കുക വലമായ്- ഞങ്ങളെ നിന്നുത്ഥാനത്തിൽ ദേവേ!

ബാറെക്മോർശൂബഹോ... മെനഓലം,..

ഉത്ഥാനപ്പെരുന്നാളിൽമോദിപ്പിച്ചോനേ! താതാ!
സൂനോ! വിമലൻ റൂഹാ! സ്തുതി ഹാലോലൂയ്യാ ദേവേ

സ്തൗമെൻകാലോസ് കുറിയേ..

## പ്രൂമിയോൻ
### (കൂക്കോയൊ)

ശ്ലോമ്മോ ശ്ലോമ്മോ സവിധകരേ! ദൂരസ്ഥന്മാരേ!
മശിഹായുത്ഥിതനൊന്നിച്ചു - ചിതറിപ്പോയോരെ
തോമ്മാശ്ലീഹാ - വിശ്വാസം പൂണ്ടു
സ്ഥിരനായ് ശീമോൻ - മാലഖിലം മാ - ഞ്ഞു
മൌലി മറച്ചു കയ്യാപ്പാ - സംഘം കേഴുന്നു
സഭയും മറിയാമും പ്രിയരും - സ്തുതിപാടീടുന്നു
ഹാലേലുയ്യാ ഉ ഹാലേലുയ്യാ......
ബാറെക്മോർ - ശുബഹോ.....മെൻഓലം..

ഉത്ഥാനദിനേ സൗധത്തിൽ - കല്പിച്ചാൻ നാഥൻ
ശിഷ്യന്മാരോടു വത്സലരെ! ശ്ലോമ്മോ എന്നേവം
അഴലും വ്യഥയും - പാടെ മായിച്ചു
ശമമൊടു ശാന്തി - നൽകി പരിപൂർണ്ണം
അരുളിച്ചെയ്താൻ നിങ്ങളിലീ - ശ്ലോമ്മോവാഴട്ടെ
ദുഷ്ടനിൽ നിന്നും രക്ഷിതരാ - മതിനാൽ ദിനരാത്രം
ഹാലേലുയ്യാ...........ഉ ഹാലേലുയ്യാ........

## പ്രദക്ഷിണഗീതം
### (ഓം മറിയാം)

ഓ മറിയാമെ! ഞാൻ - തോട്ടക്കാ - രൻ തന്നെ
ഞാൻ പറുദീസായേ - സ്ഥാപിച്ചോൻ ശ്രേ - ഷ്ഠൻ
ഓ - മറിയാമെ! ഞാൻ - ജീവികൾ തൻ - ജീവൻ താൻ
പുനരുജ്ജീവനമോ - ടെഴുന്നേൽപും ഞാൻ - താൻ

ഞാൻ കൊ - ല്ലപ്പെട്ടോൻ
ഞാൻ ക - ല്ലറയാർന്നോൻ
തൊട്ടീ - ടരുതേ, 'ഞാൻ
താതാ - ന്തിക മേറീ' - ട്ടില്ല

മഹിമയൊടക്കബറീ - ന്നെഴുന്നേറ്റേ - നെന്നേവം
ശിഷ്യന്മാരോടായ് - നീ സുവിശേഷി - ക്ക!

### (സൂമ്മോറൊ)

നാഥാ! പരിശുദ്ധന്മാർ തൻ-
സഭയിൽ വാനിടമങ്ങയുടെ

വിസ്മയകരമാം കാര്യങ്ങൾ-
സാക്ഷിക്കും വിശ്വാസമതും
സ്വർഗ്ഗോപരിയാം സ്വർഗ്ഗത്തിൽ-
കർത്താവിനു സന്നിഭവനേവൻ

ദൂതരിലാരുണ്ടവനു സമൻ-
പാവന സഭയിൽ ഞാനെന്നും
വാഴ്ത്തും കർത്താവിൻ കൃപയെ-
ഘോഷിച്ചിടുമെന്നെന്നേക്കും
വിശ്വാസത്തെയെൻവദനം- ഹാലേലുയ്യാ

**വായനകൾ**

ഏശയാ 60:17-22 മീഖ 7:8-13
പത്രോസ് 5:5-14 റോമർ 16:11-6

(ഏവൻഗേലിയോനു മുമ്പുള്ള പെത്ഗോമൊ)

ഹാലേ-ഉഹാലേ-വാനാനന്ദിക്കും ക്ഷിതിസ-ന്തോഷിക്കും
മിശിഹാരാജാവിന്നുത്ഥാനത്തിൽ - ഹാലേലൂയ്യാ

**പ്രദക്ഷിണത്തിനും**
**കുരിശു മുത്തുമ്പോഴുമുള്ള ഗീതം**
(ഹദൌ ആമ്മെ)

ജാതികളെ! -മോദിപ്പിൻ- മറിയാമോ- തീ
താതനെയാ-ർന്നെൻതനയൻ- കബറിന്നേ - റി
ദ്യുതിസുതരേ!- ദ്യുതിസുതരേ! -ദ്യുതിയാസ - ന്നം
പാരൊളിയാം- പകലിതിനെ - സ്തോത്രം ചെ - യ്‌വിൻ

ഉപഗതമാ - യുത്ഥാനം - ശിഷ്യന്മാ - രെ!
കരയായ്‌വിൻ - കരയായ്‌വിൻ - ഗുരുവെഴുന്നേ - റ്റു
പ്രഭ കണ്ടി - ട്ടാരെന്നവളാരായു-ന്നു
ഇതു ഞാൻ താ - നെന്നവളെ - ബോധിപ്പിച്ചാൻ

മറിയാം താനുൻമുഖിയായ് - നിലകൊള്ളു - ന്നോൾ
വെളിവാകാ - ൻ വരുമവനെ - കണ്ടാളാ-ദ്യം
ഉഴറിച്ചെ - ന്നറിയിപ്പിൻ - ശ്ലീഹന്മാ - രെ
ഉയിരാർന്നേ - ഉയിരാർന്നേൻ - പതറീടേ - ണ്ടാ

ഗുരുവുയിരാർ - ന്നെന്നൊരു നൽ - ദൂതേകീ - ടിൻ
നൽ പകലിൽ - ഭാഗ്യമെഴും - ശ്ലീഹന്മാ - ർക്കായ്

മൃതിപുരിയെ - പ്പാഴാക്കിയ - മൃതനായോൻ - താൻ
മണവറയിൽ - ദൂതരിതാ - വെള്ളങ്കി - ക്കാർ

തോഷമൊട - പ്രേക്ഷിതരോ - ടോതീ - സ്ത്രീകൾ
ധീരതയൊടു - മേവിൻ ഗുരു - ജീവൻ നേ-ടി
ശീമോനേ! - വീക്ഷിക്കുക - പരമോത്ഥാനം
അവനേയേ - റ്റിക്ഷിതിയിൽ - നീ സാക്ഷി - ക്ക

സുതനുയിർ പൂ - ണ്ടീഹൂദാ - മൃതനായ് താ - നേ
കയ്യാപ്പാ - തലതാഴ്ത്തി - ഹന്നാൻ വെ - മ്പി
വാനവരാ - വനിതകളോ - ടറിയിക്കു - ന്നു
മണവാളൻ - മൃതിപുരിയീന്നുയിരാർന്നേ - റി

പാഞ്ഞൊളിവിൽ - പോയോരേ - മിഴിനീർ നീ - ക്കിൻ
ഗുരുവുയിരാ - ർന്നുന്നമനം - മൌലിക്കേ-കിൻ
വൻ പ്രഭയാൽ - കാവൽക്കാർ - വിറയൽ പൂ-ണ്ടു
നിര നിരയായ് - ദൂതന്മാർ - സത്യം പാ - ടി

പ്രഭ നിശയേ - ബന്ധിച്ചു - പുലർകാല - ത്തിൽ
പ്രഭയുദയം - ചെയ്തതിനാ - ലിരുൾ - മായുന്നു
നിദ്രക്കായ് - വീരൻ മൃതി - ലോകം പൂ - കീ
മതിയാകാ - ഞ്ഞുണർവാർന്ന - പ്പുരി ധൂളി - ച്ചാൻ

മ്ശിഹായാം - പൊൻപുലരീ !- സ്തോത്രം-സ്തോ-ത്രം
സ്തോത്രംതേ - താതവിശു - ദ്ധാത്മാവിന്നും.

**ഏവൻഗേലിയോൻ**
**വി.യോഹ. 14:7, 15:11-15, 17:11-26**

**സ്ളീബാ ആഘോഷം**

(കിഴക്കോട്ടു തിരിഞ്ഞുകൊണ്ട് മസ്അക്കോനൂസൊ)

നാഥാ! കരുണാ സാഗരമേ!
പുനരുത്ഥാനപ്പെരുന്നാളിൽ
നിൻമാനത്തിനു യോഗ്യമതാം
വചനങ്ങളെ ഞാൻ പാടീടും
നിൻസ്ളീബായാൽ രക്ഷിതരാം
പുറജാതികളിപ്പെരുന്നാളിൽ
സ്തുതിയാൽ നിന്നെക്കീർത്തിക്കും
ഞങ്ങളുമർത്ഥിച്ചോതുന്നു.

കുറിയേ..........കുറിയേ........കുറിയേ.......

(പടിഞ്ഞാറോട്ടു തിരിഞ്ഞുകൊണ്ട് മസ് അക്കോനൂസൊ)

ഉത്ഥാനത്തിൻ പരമാർത്ഥം
ബോധപ്പെട്ടെല്ലാവർക്കും
എങ്കിലുമിതിലാമൂഢജനം
ഹന്തനിഷേധമുയർത്തുന്നു
യൂദജനത്താൽ ക്രൂശിതനോ
മഹിമയൊടക്കബറീന്നേറി
പ്രാർത്ഥനയോടധുന്നാ ഞങ്ങൾ
അർത്ഥിച്ചീവിധമോതുന്നു

കുറിയേ..........കുറിയേ.........കുറിയേ.......

(വടക്കോട്ടു തിരിഞ്ഞുകൊണ്ട് (മസ് അക്കോനൂസൊ)

കർത്താവേ! നിൻജനതതിമേ-
ലാർദ്രതകാണിച്ചീടണമേ
താവകമാമവകാശത്തിൽ-
ലേശമജാഗ്രത കാട്ടരുതെ

നിൻസ്ളീബായിൻ വൻകൊടിയാൽ
ക്രൈസ്തവമകുടമുയർത്തണമേ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
അർത്ഥിച്ചീവിധമോതുന്നു

കുറിയേ..........കുറിയേ.........കുറിയേ.......

(തെക്കോട്ടു തിരിഞ്ഞുകൊണ്ട് മസ് അക്കോന്നൂസൊ)

പീഡിതരും രോഗാർത്തന്നും
സാധുവിനും ധനഹീനന്നും
ഗതിയറ്റോനും വിധവയ്ക്കും
തുണയായ് നാഥൻ മേന്മയെഴും
തൻശാന്തിയെയീജനതയിലും
സഭയിതിലും നിവസിപ്പിക്കാൻ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
അർത്ഥിച്ചീവിധമോതുന്നു.

കുറിയേ..........കുറിയേ.........കുറിയേ.......

## തുടർന്ന് സ്ലീബാ ആഘോഷം

(പരസ്പരം സമാധാനം നൽകുമ്പോഴുള്ള ഗീതം)
(ശ്ലോമ്മൊ ലമദ്ബഹോ)

ശ്ളോമ്മോ - ബലിവേദി! സ്ളീബാ!
ശ്ളോമ്മോ - നിർമ്മലമാം - കബറേ!
ശ്ളോമ്മോ - ഏവൻഗേ - ല്യോനേ!
ശുദ്ധ - ന്മാരെ! വൈദീകരേ!

ശ്ളോമ്മോ - ശെമ്മാശ്ശന്മാരെ!
സഭത - ന്നാത്മജരെ! ശ്ളോമ്മോ.

ഞങ്ങൾ - ക്കുളവായീടട്ടെ
നാഥാ! രക്ഷകനേ! - മ്ശിഹാ!
നിൻശ്ളോ - മ്മോയും ശൈ - നോയും
തമ്മിൽ - ചുംബിക്ക - ട്ടെങ്ങൾ

എങ്ങും - ലോകാന്ത്യത്തോളം
നിൻ ശ്ളോമ്മോ - വാണീ - ടട്ടെ.

ശുശ്രൂ - ഷകരേ! ജനമേ! കേൾ
പരിശു - ദ്ധാചാര്യ - ന്മാരേ!
ശുദ്ധ - ന്മാർ തൻവാ - ഴ് വേൽപ്പിൻ
ശ്ളോമ്മോ - യന്യോന്യം - നൽകിൻ

വാസം - ച്ചെയ്തീടട്ടെന്നും
കർത്താ - വിൻ ശ്ളോമ്മോ - നമ്മിൽ

നല്ലു - ത്ഥാനത്തിൻ നാളോ
ടായുഷ് - ക്കാലത്തെ - ന്നാളും
ഞങ്ങൾ - ക്കുളവായീ - ടട്ടെ
താതൻ - ദൈവത്തിൻ - ശൈനൊ

ഏകൻ - പുത്രൻ തൻ ശ്ളോമ്മോ
ശുദ്ധാ - ത്മാവിന്നാ - വാസം

ദയറ - ദേവാഗാരങ്ങൾ
ക്കീശാ! കാവൽ നിൻ - ശാന്തി
സ്ളീബാ-യാൽ ശുദ്ധ-ത നൽകി
പെരുന്നാളിൽ മോദിപ്പിക്ക

നിൻ ശ്ളോ-മ്മോയും ശൈനോയും
ഞങ്ങൾ- സഹിതം വാ-ഴട്ടെ